കാർഷികോൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനു നടപടി

65 [4794] ശ്രീ. എ. കെ. ബാലൻ:
„ കെ. വി. കുഞ്ഞിരാമൻ:
„ പി. ജയരാജൻ:
„ രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഡബ്ല്യൂ.ടി.ഒ. കരാറിന്റെ ഗുണപരമായ വശങ്ങളെ അടിസ്ഥാനപ്പെടുത്തി കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) കേന്ദ്ര സർക്കാരിന്റെ കയറ്റുമതിനയം സംസ്ഥാനത്തിന്റെ കയറ്റുമതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ എങ്കിൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ കയറ്റുമതിയിൽ ഉണ്ടായിട്ടുള്ള കുറവ് എത്ര ശതമാനം വീതമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതേ കാലയളവിൽ കാർഷിക ഉൽപ്പന്നങ്ങളുടെ ഇറക്കുമതിമൂലം കാർഷിക വിളകൾക്കുണ്ടായ വിലത്തകർച്ചയുടെ ഫലമായി ഉണ്ടായ നഷ്ടം എത്രവീതമാണെന്ന് വ്യക്തമാക്കുമോ; ഇതേകാലയളവിൽ കാർഷികോൽപ്പന്നങ്ങളുടെ ഇറക്കുമതി വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമാണ്?

ഉത്തരം

(എ) കാർഷികോൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്ത് ആദ്യഘട്ടമായി 9 ജില്ലകൾ തെരഞ്ഞെടുത്തു. അഗ്രി എക്സ്പോർട്ട് സോൺ രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചു. ആദ്യപടിയായി പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ കയറ്റുമതി മേഖലയിലാണ് കൂടുതൽ ശ്രദ്ധ ചെലുത്തുന്നത്.

(ബി) ഡബ്ല്യൂ.ടി.ഒ. കരാറിന്റെ ഗുണപരമായ വശങ്ങൾ പ്രയോജനപ്പെടുത്തി കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് ഡോ. എം.എസ്. സ്വാമിനാഥൻ ചെയർമാനായുള്ള കമ്മീഷൻ നിർദ്ദേശങ്ങൾ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. അവയിൽ കേന്ദ്ര സർക്കാർ തലത്തിൽ നടപടി കൈക്കൊള്ളേണ്ടവ കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ട്. കാർഷികോൽപ്പന്നങ്ങളുടെ ഗുണമേന്മ, ഫൈറ്റോബാനിറ്ററി നിബന്ധനകൾ, വ്യാപാര അവകാശം സംരക്ഷിക്കൽ എന്നിവയെപ്പറ്റി കർഷകനും വ്യാപാരിയും ഏറ്റവും പുതിയ വിവരങ്ങൾ അതാതു സമയത്തു നൽകുക എന്നീ കാര്യങ്ങൾ നടപ്പാക്കാനായി ഒരു വെർച്ചുവൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുകയെന്ന നിർദ്ദേശം പ്രാവർത്തികമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ അന്താരാഷ്ട്ര തലത്തിൽ ഡിമാന്റുള്ള ജൈവ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. നമ്മുടെ ഉൽപ്പന്നങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ലോകവിപണിയിൽ ഗുണമേന്മയും വിലയും അന്താരാഷ്ട്ര നിലവാരത്തിനനുസരിച്ച് ലഭിക്കുവാനായി വേണ്ടുന്ന ബോധവൽക്കരണവും ഉൽപ്പന്നങ്ങളുടെ മൂല്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രോൽസാഹനവും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു.

വിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിച്ച് ആഗോളതലത്തിൽ മത്സരത്തിന് പ്രാപ്തമാക്കുന്നതിന് ജൈവസാങ്കേതിക വിദ്യയുടെയും വിവര സാങ്കേതിക വിദ്യയുടെയും ബാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. കേരളത്തിന്റെ തനതു വിളകളായ മലബാർ പെപ്പർ, വയനാടൻ മഞ്ഞൾ തുടങ്ങിയവയ്ക്ക് പേറ്റന്റ് നേടിയെടുക്കുന്നതുമായി ബന്ധപ്പെട്ട് കേരള കാർഷിക സർവ്വകലാശാല വൈസ്ചാൻസലറുടെ അദ്ധ്യക്ഷതയിൽ ഒരു ടാക്സ്ഫോഴ്സ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഇൻഡ്യയിൽനിന്നും 1996-97 വർഷംമുതൽ 2000-01 വരെയുള്ള കയറ്റുമതിയെ സംബന്ധിച്ച കണക്കുകൾ താഴെ കൊടുക്കുന്നു:

വർഷം	കയറ്റുമതി മൂല്യം കോടിയിൽ	മുൻവർഷത്തിൽ നിന്നും വർദ്ധന/ കുറവിന്റെ നിരക്ക്
1996-97	24161.29	..
1997-98	24843.45	2.82% (+)
1998-99	25510.64	2.68% (+)
1999-00	25313.66	0.77% (-)
2000-01	28909.30	14.20% (+)

(ഡി) കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചയുടെ ഫലമായി സംസ്ഥാനത്തിനുണ്ടായ നഷ്ടം ശാസ്ത്രീയമായി കണക്കാക്കിയതായി അറിവില്ല. 1996-97 മുതൽ 2000-01 വരെ ഇൻഡ്യയിലേക്കുള്ള ഇറക്കുമതി ചെയ്യപ്പെട്ട കാർഷികോൽപ്പന്നങ്ങളുടെ മൂല്യവും ഓരോ വർഷവും ഉണ്ടായ വർദ്ധനവ് കുറവിന്റെ നിരക്കുകളും താഴെ ചേർത്തിരിക്കുന്നു:

വർഷം	ഇറക്കുമതി മൂല്യം കോടിയിൽ	മുൻവർഷത്തിൽ നിന്നും വർദ്ധന/ കുറവിന്റെ നിരക്ക്
1996-97	6612.60	..
1997-98	8784.19	32.84% (+)
1998-99	14566.48	65.83% (+)
1999-00	16066.73	10.30% (+)
2000-01	12030.36	25.12% (-)

LIBRARY ARCHIVES Kerala Legislative Assembly